# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 11, വെള്ളി

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**<u>കെ.എസ്.ആർ.ടി.സി.യെ ആധുനികവൽക്കരിക്കാൻ നടപടി</u>**

*121 **ശ്രീ. എച്ച്. സലാം**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ ആധുനികവൽക്കരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എന്തെല്ലാം സേവനങ്ങളാണ് യാത്രക്കാർക്ക് ഓൺലൈനിൽ ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ബി) പൊതുഗതാഗത രംഗത്തെന്നപോലെ ഇന്ധന വിതരണ മേഖലയിലും കെ.എസ്.ആർ.ടി.സി.യ്ക്ക് ചുവടുറപ്പിക്കാൻ പദ്ധതികളുണ്ടോ; ഇന്ധന വിതരണ രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കൂടുതൽ ഫ്യുവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

**<u>ജൈവകർഷകരെ സഹായിക്കാൻ പദ്ധതി</u>**

*122 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉല്പാദനച്ചെലവ് വർദ്ധിക്കുകയും ഉല്പാദനക്ഷമത കുറയുകയും ചെയ്യുന്നതിനാൽ കർഷകർ ഈ കൃഷിരീതിയിൽ നിന്നും പിന്മാറുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

*123 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. എം. എം. മണി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങളെ ശാക്തീകരിക്കുക, സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കി അവർക്ക് സാമൂഹ്യനീതി ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ച ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അതിനു പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന വായ്പാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് മറ്റെന്തെല്ലാം പദ്ധതികളാണ് പ്രസ്തുത കോർപ്പറേഷൻ വഴി നടപ്പാക്കി വരുന്നത്; വ്യക്തമാക്കുമോ?

## <u>തോട്ടവിളകളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി</u>

*124 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടവിളകളായ റബ്ബർ, കാപ്പി, കൊക്കോ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന കർഷകരെ സഹായിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ബി) റബ്ബർ, കാപ്പി, കൊക്കോ തുടങ്ങി ഏഴിനം തോട്ടവിളകളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട് യൂറോപ്യൻ രാജ്യങ്ങൾ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിബന്ധനകൾ ഒഴിവാക്കാൻ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(സി) അത്യുല്പാദനശേഷിയുള്ള കൊക്കോ തൈകൾ ഉല്പാദിപ്പിക്കുന്ന പ്രാദേശിക കർഷകർക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ;

കാർഷിക സർവകലാശാല ഇക്കാര്യത്തിൽ തദ്ദേശീയർക്ക് കൂടുതൽ പരിഗണന നൽകി ഇത്തരം തൈകൾ ഉല്പാദിപ്പിക്കുന്നവർക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ

*125 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരവും ആധുനിക ഗവേഷണങ്ങളും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മികവിന്റെ കേന്ദ്രങ്ങൾ ഏതൊക്കെ മേഖലകളിലാണ് ആരംഭിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പാഠ്യപദ്ധതി രൂപകല്പന, ഗവേഷണം, വിദ്യാർത്ഥി പരിശീലനം എന്നിവയെ അടിസ്ഥാനമാക്കി ഇവ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നുള്ള വിശദാംശം നൽകാമോ?

## ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷൻ

*126 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗസംരക്ഷണ-ക്ഷീര മേഖലകളുടെ സമഗ്രമായ വളർച്ചയ്ക്ക് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള നൂതന സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മൃഗസംരക്ഷണ-ക്ഷീര മേഖലയിലെ കർഷകർക്കായുള്ള ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എല്ലാ മൃഗാശുപത്രികളെയും ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷൻ വഴി ബന്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഡോക്ടറുടെ സേവനം മുൻകൂട്ടി ഉറപ്പാക്കുന്നതോടൊപ്പം വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആരോഗ്യ സർട്ടിഫിക്കറ്റ്, ലാബ് റിപ്പോർട്ടുകൾ എന്നിവ ലഭ്യമാകുന്ന സമ്പൂർണ്ണ മൃഗാരോഗ്യ മാനേജ്മെന്റ് സംവിധാനമായി ഇ-സമൃദ്ധ മൊബൈൽ ആപ്ലിക്കേഷനെ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ

*127 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലെ സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രോഗ്രാമുകളുടെ കരിക്കുലം അനുസരിച്ച് എന്തെല്ലാം അവസരങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നതെന്നു വിശദമാക്കുമോ;

(സി) ബിരുദ പ്രോഗ്രാമുകൾ പൂർണമായും നാലുവർഷ ഘടനയിലേക്ക് മാറുന്നതോടെ എന്തെല്ലാം നേട്ടങ്ങളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതീക്ഷിക്കുന്നത് എന്നറിയിക്കുമോ?

## വയനാട് ഉരുൾപൊട്ടലിൽ കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങൾ

*128 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലും പരിസരങ്ങളിലും 2024 ജൂലൈ 30-ന് ഉണ്ടായ ഉരുൾപൊട്ടലും മറ്റ് പ്രകൃതി ദുരന്തങ്ങളും കാർഷിക മേഖലയിൽ ഉണ്ടാക്കിയ നാശനഷ്ടങ്ങൾ പ്രത്യേകമായി കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രദേശത്തെ കാർഷികവൃത്തിയിലേർപ്പെട്ടിരുന്ന കുടുംബങ്ങൾ, അവരുടെ കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ എന്നിവ കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഉരുൾപൊട്ടലിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് നടപടി

*129 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ കഴിച്ചതിനെത്തുടർന്ന് കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

വ്യക്തമാക്കുമോ;

(ബി) കാലിത്തീറ്റയുടെ ഗുണനിലവാരക്കുറവ് കാരണം കന്നുകാലികൾക്ക് ജീവഹാനി സംഭവിച്ചാൽ കാലിത്തീറ്റ കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കന്നുകാലികൾക്ക് വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ഡി) കാലിത്തീറ്റയുടെ ഗുണനിലവാരത്തോടൊപ്പം വിപണിവില നിയന്ത്രിക്കുകയെന്ന ഉദ്ദേശത്തോടുകൂടി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## <u>പി.എം. ഇ-ബസ് സേവാ പദ്ധതി</u>

*130 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പി.എം. ഇ-ബസ് സേവാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന ഇലക്ട്രിക് ബസുകൾ കേരളത്തിന് ആവശ്യമില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യ്ക്ക് ഡീസൽ ബസുകൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക ധനവകുപ്പ് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പി.എം. ഇ-ബസ് സേവാ പദ്ധതിയിൽ ബസ്സുകൾ അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകൾ പൂർണ്ണമായും ഒഴിവാക്കുന്നതിന്റെ ഭാഗമായാണോ പ്രസ്തുത പദ്ധതിയിൽ നിന്നും പിന്മാറിയതെന്ന് വ്യക്തമാക്കുമോ?

## <u>പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർദ്ധിപ്പിക്കാൻ നടപടി</u>

*131 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി യു പ്രതിഭ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; അറിയിക്കുമോ;

(ബി) പ്രൈമറി വിദ്യാർത്ഥികൾക്ക് ശാരീരിക വ്യായാമങ്ങളിൽ ഏർപ്പെടുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ അത്‌ലറ്റിക്സ് പരിശീലനത്തിനും ഫുട്ബോൾ പരിശീലനത്തിനുമായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) സ്കൂളുകളിൽ നടപ്പാക്കി വരുന്ന വിവിധ കായിക പരിശീലന പദ്ധതികളുടെ വിശദാംശം നൽകാമോ?

## കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

*132 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കായിക മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകുമോ;

(ബി) കായിക വകുപ്പിന് കീഴിലെ മുഴുവൻ സ്ഥാപനങ്ങൾക്കുമായുള്ള കേന്ദ്രം എന്ന നിലയിൽ നിർമ്മിക്കുന്ന കായികഭവന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണ്; ഇത് കായിക മേഖലയ്ക്ക് എത്രത്തോളം സഹായകമാണ്; വിശദമാക്കുമോ;

(സി) സംസ്ഥാന, ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും ഊർജ്ജസ്വലമാക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആരംഭിക്കുമോ?

## ഉന്നത വിദ്യാഭ്യാസരംഗത്തെ നവീകരണ പ്രവർത്തനങ്ങൾ

*133 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി ജോയി**
**ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർവകലാശാലകൾക്കുള്ളിൽ പ്രത്യേകമായ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നും എന്തൊക്കെ വിഷയങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ;

(സി) സർവകലാശാല തലത്തിൽ ഗവേഷണഫലങ്ങൾ പ്രായോഗികമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## റബർ കൃഷിയുടെ സംരക്ഷണം

*134 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. ആന്റണി ജോൺ**

**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ കൃഷിയെയും റബർ കർഷകരെയും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) റബറിന്റെ റീ പ്ലാന്റിംഗ് സബ്സിഡി ഉയർത്തുന്നതിനും താങ്ങുവില പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) റബർ ഉല്പാദന സൗകര്യം സൃഷ്ടിക്കുന്നതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് നിർമ്മാണത്തിന് റബർ ഉപയോഗിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## <u>കാർഷിക മേഖലയിൽ ആധുനിക സാങ്കേതികവിദ്യ</u>

*135 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിദേശരാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന നവീന കാർഷിക സാങ്കേതികവിദ്യകൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(സി) കർഷകർക്ക് ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത കൃഷിരീതികളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കൃഷിയിടങ്ങളിൽ ആധുനിക ഫാമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം സാമ്പത്തിക-നൈപുണ്യ വികസന സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നത്; വിശദമാക്കുമോ?

## <u>പരിസ്ഥിതിലോല മേഖലയിലെ കൃഷിരീതി</u>

*136 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളിലെ പരിസ്ഥിതിലോല മേഖലയിലുള്ള കൃഷിരീതി മണ്ണിനെ സംരക്ഷിക്കാൻ പര്യാപ്തമല്ലെന്നു കണ്ടെത്തിയിട്ടുണ്ടോ;

(ബി) മലവെള്ളപ്പാച്ചിൽ, ഉരുൾപൊട്ടൽ എന്നിവയിൽ നിന്നും മണ്ണിനെ സംരക്ഷിക്കാൻ

കഴിയുന്ന കൃഷിരീതി നടപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) നിലവിലെ കൃഷിരീതികൾ പുന:ക്രമീകരിച്ച് പ്രകൃതിദുരന്തങ്ങൾ ഒരു പരിധിവരെ തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>**

*137 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനായി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്നറിയിക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം സ്വയംപര്യാപ്തത കൈവരിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ എത്രത്തോളം ഫലപ്രദമായിട്ടുണ്ട്; ഇതിനായി മറ്റ് വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനും പരിഹാരം കാണുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ ഡിജിറ്റൽ സംയോജനം</u>**

*138 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് നൽകിവരുന്ന സേവനങ്ങളും മൃഗചികിത്സാ സൗകര്യങ്ങളും അടിയന്തരമായി ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മൃഗസംരക്ഷണ പ്രവർത്തനങ്ങളെ ഡിജിറ്റലായി സംയോജിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) അടിയന്തര സന്ദർഭങ്ങളിൽ വീട്ടുപടിക്കൽ ചികിത്സാ സേവനം ലഭിക്കുന്നതിന് സാധ്യമാണോയെന്നും മറ്റെന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നതെന്നും വിശദമാക്കുമോ?

**<u>ആർ.യു.പി.ഡി., എൽ.യു.പി.ഡി. ഡിവൈസുകൾ</u>**

*139 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**

**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരവാഹനങ്ങളിലും ട്രെയിലറുകളിലും റിയർ അണ്ടർ റൺ പ്രൊട്ടക്ടീവ് ഡിവൈസ്, ലാറ്ററൽ അണ്ടർ റൺ പ്രൊട്ടക്ടീവ് ഡിവൈസ് എന്നിവ നിർബന്ധമാക്കണമെന്ന നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വലിയ വാഹനങ്ങളുടെ അടിയിലേക്ക് ചെറിയ വാഹനങ്ങൾ കയറിപ്പോകുന്ന അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ആർ.യു.പി.ഡി., എൽ.യു.പി.ഡി. ഡിവൈസുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പരിശോധനകൾ കർശനമാക്കുമോ; വിശദാംശം നൽകുമോ?

## <u>കേരളഗ്രോ ഔട്ട്‌ലെറ്റുകൾ</u>

*140 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് മൂല്യവർദ്ധനവിലൂടെ കൂടുതൽ വിപണി ലഭ്യത ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കേരളഗ്രോ എന്ന ബ്രാൻഡിലൂടെ വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളഗ്രോ ബ്രാൻഡിലൂടെ വിപണനം ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(ഡി) കേരളഗ്രോ ഔട്ട്‌ലെറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>സമഗ്ര കായിക വികസനം</u>

*141 **ശ്രീ വി ജോയി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) കായിക മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് ഇതിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) ലോകത്തെ പ്രമുഖ ക്ലബായ എ.സി. മിലാനുമായി സഹകരിച്ച് സംസ്ഥാനത്ത് ഫുട്ബോൾ അക്കാദമി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പരിശീലന രംഗത്തും കായിക അക്കാദമി രംഗത്തും സഹകരിച്ച് പ്രവർത്തിക്കുന്നതിന് സ്പാനിഷ് സ്പോർട്സ് കൗൺസിലുമായി ധാരണയുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**ജലഗതാഗത വകുപ്പിന്റെ ടൂറിസം ശക്തീകരണം**

*142 **ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ വി ശശി**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ടൂറിസത്തിന് കരുത്തു പകരുവാൻ ജലഗതാഗത വകുപ്പിനെ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിനോദസഞ്ചാരത്തിനായി ജലഗതാഗത വകുപ്പ് നിലവിൽ സർവീസുകൾ നടത്തുന്നുണ്ടോ; അറിയിക്കുമോ;

(സി) വിനോദസഞ്ചാരികൾക്കായി കൂടുതൽ സൗകര്യങ്ങളുള്ള ജലഗതാഗത സർവീസുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സുരക്ഷിതവും ശബ്ദരഹിതവും മലിനീകരണം കുറഞ്ഞതുമായ സോളാർ ബോട്ടുകൾ ഉപയോഗിച്ച് വിനോദസഞ്ചാരത്തിനായി കൂടുതൽ സർവീസുകൾ നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾ**

*143 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്കിടയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കാനും നൈപുണ്യപരിശീലനം നൽകാനും ഉതകുന്ന രീതിയിൽ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രാദേശിക സംരംഭകത്വവികസനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രസ്തുത പാർക്കുകൾ സഹായകമാണോ; വിശദമാക്കാമോ;

(സി) പോളിടെക്നിക് കോളേജുകളിൽ പഠനത്തോടൊപ്പം വരുമാനമാർഗ്ഗം കണ്ടെത്താനായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**മുതിർന്ന പൗരന്മാരുടെ സംരക്ഷണം**

*144 **ശ്രീ. എം. എം. മണി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം മുതിർന്ന പൗരന്മാരുടെ ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അനാഥരാക്കപ്പെടുന്ന മുതിർന്ന പൗരന്മാരുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മുതിർന്ന പൗരന്മാരുടെ അറിവും അനുഭവസമ്പത്തും പുതിയ തലമുറയ്ക്ക് അനുഭവവേദ്യമാക്കുന്നതിനും സാമൂഹിക ജീവിതത്തിൽ അവരെ സജീവമാക്കുന്നതിനും അതുവഴി ഊർജ്ജസ്വലമായ വാർദ്ധക്യ ജിവിതം നയിക്കുന്നതിനും പര്യാപ്തമാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ?

<u>**കർഷക കടാശ്വാസ കമ്മീഷൻ**</u>

*145 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ അവാർഡ് ചെയ്ത 700 കോടിയോളം രൂപ വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് ചെയ്യുന്ന കർഷക കടാശ്വാസം അനുവദിച്ചു നൽകുന്നതിനുള്ള നടപടിക്രമം എന്തൊക്കെയാണ്; വിശദമാക്കുമോ; പ്രസ്തുത തുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ തുക കൈമാറാത്തതിനാൽ കർഷകർക്ക് വായ്പ നൽകിയ സഹകരണ സംഘങ്ങളും പ്രതിസന്ധിയിൽ ആയിരിക്കുന്ന സാഹചര്യത്തിൽ കർഷക കടാശ്വാസം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>**ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ**</u>

*146 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈജ്ഞാനിക മേഖലയിലെയും തൊഴിൽ മേഖലയിലെയും മാറ്റങ്ങൾക്കനുസൃതമായി ഉന്നതവിദ്യാഭ്യാസ രംഗത്ത് കരിക്കുലത്തിലും പഠന സമ്പ്രദായത്തിലും എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പരിഷ്കാരങ്ങൾ ഫലപ്രദമാക്കാൻ അടിസ്ഥാനസൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത പരിഷ്കാരങ്ങൾക്കനുസൃതമായി അധ്യാപക സമൂഹത്തിന്റെ ഉത്തരവാദിത്വം ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**<u>എല്ലാ ജില്ലയിലും ക്രിക്കറ്റ് സ്റ്റേഡിയം</u>**

*147 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങൾക്ക് വേദിയാകുന്ന കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം പോലെ മറ്റു ജില്ലകളിലും സ്റ്റേഡിയങ്ങൾ വേണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കേരള ക്രിക്കറ്റ് അസോസിയേഷനിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ഡിജിറ്റൽ ടിക്കറ്റ് മെഷീനുകൾ</u>**

*148 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിന് സ്വകാര്യ കമ്പനിക്ക് കരാർ നൽകുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. നിലവിൽ ഉപയോഗിക്കുന്ന ടിക്കറ്റ് മെഷീനുകൾ എന്തു തുക ചെലവഴിച്ചാണ് വാങ്ങിയത്; ഇതിൽ എത്ര എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്; പ്രവർത്തനക്ഷമമല്ലാത്ത മെഷീനുകളുടെ തകരാർ പരിഹരിക്കാമെന്ന ബന്ധപ്പെട്ട കമ്പനി അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) രണ്ടുവർഷം കൂടി മെയിന്റനൻസ് കരാർ കാലാവധിയുള്ള നിലവിലെ ടിക്കറ്റ് മെഷീനുകൾ മാറ്റി പുതിയ മെഷീനുകൾ വാങ്ങാൻ തീരുമാനിച്ചത് ഏതു സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

**<u>കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ</u>**

*149 **ശ്രീ. എം.വിജിൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നശേഷം പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കാർഷികോല്പന്നങ്ങളുടെ സംഭരണ-സംസ്കരണ സംവിധാനങ്ങൾ ആധുനികീകരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന-വിതരണ ശൃംഖല വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ദേശസാൽകൃത റൂട്ടുകൾ

*150 **ഡോ. എൻ. ജയരാജ്**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ദേശസാൽകൃത റൂട്ടുകൾ വാടകയ്ക്ക് നല്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദീർഘദൂര, ഹ്രസ്വദൂര ദേശസാൽകൃത റൂട്ടുകൾ സ്വകാര്യ സംരംഭകർക്ക് ടെൻഡർ മുഖേന വാടകയ്ക്ക് നൽകി കെ.എസ്.ആർ.ടി.സി.യുടെ സ്ഥിര വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ഒക്ടോബർ 3, വ്യാഴം

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].